## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ** - 1004 10.06.2019-ലെ മറുപടി

## കിഫ്ബി - ശുദ്ധജല കുടിവെള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പുരുഷൻ കടലുണ്ടി** | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ ശുദ്ധജല കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | എ) കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കും അടുത്തുള്ള പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയും ഫറോക്ക് കരുവൻതുരുത്തി ശുദ്ധജല കുടിവെള്ള വിതരണ പദ്ധതിയുമാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ ശുദ്ധജല കുടിവെള്ള പദ്ധതികൾ. |
| ബി) ബാലുശ്ശേരി, കൊയിലാണ്ടി, പേരാമ്പ്ര മണ്ഡലങ്ങളിൽ പ്രയോജനം ലഭിക്കുന്ന കിഫ്ബി കുടിവെള്ള പദ്ധതി പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; ഇതെപ്പോൾ പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | ബി) പ്രസ്തുത പദ്ധതി നാലു പാക്കേജുകളായി നടപ്പിലാക്കുന്നു. ഇവയുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br><u>പാക്കേജ് -1 -</u> 900 mm- 600 mm പൈപ്പ് 5100 m സ്ഥാപിച്ചു. ഈ പാക്കേജ് സെപ്റ്റംബർ 2019 പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു<br><u>പാക്കേജ് -2 -</u> ൽ 500 mm- 350 mm പൈപ്പ് 10950 m സ്ഥാപിച്ചു. വലിയ മലയിൽ 17 ലക്ഷം ലിറ്റർ ടാങ്ക് നിർമ്മിച്ചു. കോട്ടക്കുന്ന് 17 ലക്ഷം ലിറ്ററിന്റെ ടാങ്ക് പ്രവൃത്തി പുരോഗമിക്കുന്നു. ഈ പാക്കേജ് ഡിസംബർ 2019 ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><u>പാക്കേജ് - 3 -</u> ൽ 500 mm പൈപ്പ് 2500 m സ്ഥാപിച്ചു. ഈ പാക്കേജ് മാർച്ച് 2020 ഓടുകൂടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു<br><u>പാക്കേജ് - 4</u> - ഗ്രാമപഞ്ചായത്തിൽ നിന്നും സ്ഥലം വിട്ടു കിട്ടാത്തതിനാൽ പ്രവർത്തി തുടങ്ങിയിട്ടില്ല. |
| സി) ഈ പദ്ധതി പൂർത്തീകരിച്ചാൽ മൂന്ന് മണ്ഡലങ്ങളിലുമായി എത്ര പേർക്കാണ് പ്രയോജനം ലഭിക്കുക; വ്യക്തമാക്കുമോ? | സി) പദ്ധതി പൂർത്തിയാകുമ്പോൾ 332847 പേർക്ക് കുടിവെള്ളം നൽകാൻ സാധിക്കും. |

Renuka Sankar
സെക്ഷൻ ഓഫീസർ